"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- മഞ്ചേരി നഗരസഭയിലെ കരിക്കൾ സ്മാരക സൗധം പഴയ ബസ് സ്റ്റാന്റ് കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിയ്ക്കാൻ മഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിന് മഞ്ചേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2324/2022/LSGD തീയതി,തിരുവനന്തപുരം, 23-09-2022

പരാമർശം:- 1. 29/07/2009-ലെ ജി.ഒ (എം.എസ്) നം.147/2009/തസ്വഭവ.

2.നഗരകാര്യ ഡയറക്ടറുടെ 25/05/2022-ലെ ഡി.സി3-1310/2022 നം. കത്ത്.

ഉത്തരവ്

മഞ്ചേരി നഗരസഭയിലെ കരിക്കൾ സ്മാരക സൗധം പഴയ ബസ് സ്റ്റാന്റ് കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിയ്ക്കാൻ മഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 9 കോടി രൂപ 9% പലിശ നിരക്കിൽ വായ്പയെടുക്കുന്നതിന് മഞ്ചേരി നഗരസഭയ്ക്ക് അനുമതി നൽകുന്നതിനായി പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരളാ ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് 1963 പ്രകാരവും, പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾ കർശനമായി പാലിക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ടും മഞ്ചേരി നഗരസഭ വരുമാനം വർദ്ധിപ്പിയ്ക്കുന്നതിനായി റവന്യൂ കളക്ഷൻ ഡ്രൈവ് നടത്തണമെന്നും വായ്പ തിരിച്ചടവിൽ (മുതൽ/പലിശ) വീഴ്ച വരുത്തിയാൽ അതിന് ആനുപാതികമായ കുറവ് നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ടിൽ വരുത്തുന്നതാണെന്ന് നിഷ്കർഷിച്ചു കൊണ്ടും മഞ്ചേരി നഗരസഭയിലെ കരിക്കൾ സ്മാരക സൗധം പഴയ ബസ് സ്റ്റാന്റ് കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിയ്ക്കാൻ മഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 8 വർഷ തിരിച്ചടവ് കാലാവധിയിൽ 9 കോടി രൂപ (ഒൻപത് കോടി രൂപ മാത്രം) 9% പലിശ നിരക്കിൽ

വായ്പയെടുക്കുന്നതിന് മഞ്ചേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, മഞ്ചേരി നഗരസഭ, മഞ്ചേരി, മലപ്പുറം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by Reenamma P A
Date: 24-09-2022 10:48:32
സെക്ഷൻ ഓഫീസർ